**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2714** **14-09-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. ചിട്ടി ബാധ്യത എഴുതി തള്ളുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. തിരുവല്ല ശാഖയിൽ സുവർണ്ണ ജൂബിലി ചിട്ടിയിൽ ചേർന്ന ജയചന്ദ്രൻ.റ്റി.ആർ. എന്ന വ്യക്തി ചിട്ടി ലേലത്തിൽ പിടിച്ചതിന്റെ പിറ്റേദിവസം മരണപ്പെട്ടതിനാൽ ബാധ്യതകൾ എഴുതി തള്ളുന്നത് സംബന്ധിച്ച് ടിയാന്റെ ഭാര്യ ശ്രീമതി.എ.ആർ.അജിതകുമാരി സമർപ്പിച്ച അപേക്ഷ (നം.6961056) യിൽ സ്വീകരിച്ച നടപടികളും തീരുമാനങ്ങളുമെന്തെന്ന് വ്യക്തമാക്കാമോ? | (എ) | ചിട്ടിയിലെ ഭാവി ബാധ്യത എഴുതി തള്ളുന്നത് ചിട്ടി വിളിച്ചെടുത്ത് ചിട്ടിപ്പണം കൈപ്പറ്റിയ ശേഷം വരിക്കാരൻ മരണപ്പെട്ടുപോകുന്ന സാഹചര്യത്തിലാണ്. തിരുവല്ല ശാഖയിലെ വരിക്കാരനായിരുന്ന ശ്രീ.ജയചന്ദ്രൻ ടി.ആർ അദ്ദേഹത്തിന്റെ 52/2019-26 എന്ന നമ്പർ ചിട്ടി വിളിച്ചെടുത്തെങ്കിലും ചിട്ടിപ്പണം കൈപ്പറ്റിയിരുന്നില്ല. നോമിനി യായ ശ്രീമതി.അജിതകുമാരിയുടെ പേർക്ക് ചിട്ടി മാറ്റി നൽകി 26/10/2022 ന് അവർ ചിട്ടിപ്പണം കൈപ്പറ്റുകയുമാണ് ചെയ്തത്. ആയതിനാൽ ശ്രീമതി.അജിത കുമാരി ചിട്ടിയുടെ ഭാവിതവണകൾ അടയ്ക്കുവാൻ ബാധ്യസ്ഥയാണ് എന്നതു കൊണ്ട് ചിട്ടിയുടെ ഭാവി ബാധ്യത എഴുതി തള്ളുന്നത് പരിഗണിക്കുവാൻ സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ